ഭരണഭാഷ-മാതൃഭാഷ

**കേരള സർക്കാർ**

**തദ്ദേശ സ്വയംഭരണ വകുപ്പ്**
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം**
**സിവിൽ സ്റ്റേഷൻ,പാലക്കാട്- 678001**
e-mail- jdlsgdpkd1@gmail.com
Phone: 0491- 2505155, 2505199

നമ്പർ: LSGD/JD/PKD/4586/2025-I1 **തിയ്യതി:** 29-05-2025

സതീഷ്കുമാർ.കെ
ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശ സ്വയംഭരണ വകുപ്പ്
പാലക്കാട്

മാന്ത്ര പൌര സമിതി
രജിസ്ട്രേഷൻ നം. PKD/CA/73/2025
മാന്ത്ര, കൊട്ടന്തിരപ്പള്ളി (പിഒ), പാലക്കാട്
മൊബൈൽ: 9482669311 (ചന്ദ്രൻ)
മൊബൈൽ: 9447437081 (ഹക്കിം)

സർ,

വിഷയം : തസ്വഭവ - പാലക്കാട് ജില്ലാ ജോയിൻറ് ഡയറക്ടറുടെ കാര്യാലയം - ആഭ്യന്തര വിജിലൻസ് വിഭാഗം - പിരായിരി ഗ്രാമപഞ്ചായത്ത് - ക്വാറി ലൈസൻസ് കൊടുക്കുന്നതിനെതിരെയും പഞ്ചായത്ത് സെക്രട്ടറി വഴിവിട്ട് സഹായിക്കുന്നതിനെതിരെയുള്ള (Docket Number: TLPKD20852000029) പരാതിയിൻമേൽ അന്വേഷണം നടത്തി വിവരം അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1. അദാലത്ത് ഉപജില്ലാ സമിതിയിൽ ലഭിച്ച പരാതി

2. അദാലത്ത് ഉപജില്ലാ സമിതിയുടെ 26.05.2025ലെ തീരുമാനം.

3.പിരായിരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 16.05.2025ലെ എസ്.സി-2-6150/2024 നമ്പർ റിപ്പോർട്ട്.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പിരായിരി ഗ്രാമപഞ്ചായത്തിൽ മാമ്പ്ര ക്വാറിക്ക് ലൈസൻസ് കൊടുക്കുന്നതിനെതിരെയും, പഞ്ചായത്ത് സെക്രട്ടറി വഴിവിട്ട് ക്വാറി സഹായിക്കുന്നതിനെതിരെയും താങ്കൾ ബഹു.മുഖ്യമന്ത്രിക്ക് നൽകി, അദാലത്ത് ഉപജില്ലാ സമിതി മുഖേന സൂചന(1) പ്രകാരം ലഭ്യമായ പരാതി അദാലത്ത് ഉപജില്ലാ സമിതി പരിശോധിച്ചു. ആയതുമായി ബന്ധപ്പെട്ട് പിരായിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുകയും, മാമ്പ്ര പൌര സമിതി ഭാരവാഹികളെ നേരിൽ കേൾക്കുകയും ചെയ്തു.

പിരായിരി ഗ്രാമപഞ്ചായത്തിൽ മാമ്പ്ര കരിങ്കൽ ക്വാറിയുടെ പ്രവർത്തനം പത്ത് വർഷങ്ങൾക്ക് മുമ്പ് പഞ്ചായത്ത് ഭരണസമിതിയുടെയും, ബഹു.എം.എൽ.എയുടെയും, ബഹു.പാലക്കാട് എം.പിയുടെയും, മാമ്പ്ര പൌര സമിതിയുടെയും ശക്തമായ ജനകീയ സമരത്തെ തുടർന്ന് നിർത്തിയതാണെന്നും, ആയതിന് നിലവിൽ ലൈസൻസ് അനുവദിക്കരുതെന്നതുമാണ് പരാതി.

പരാതിക്കാരെ നേരിൽ കേട്ടതിൽ - പരാതിയിൽ ഉറച്ച് നിൽക്കുന്നതായും, ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കരിങ്കൽ ക്വാറിയുടെ അതിർത്തിയിൽ നിന്നും കേവലം 139 മീറ്റർ ദൂരെ മാത്രമാണ് നിലവിൽ 22ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലജീവൻ മിഷൻ പദ്ധതി പ്രകാരം 100കോടി രൂപയിലധികം ചെലവഴിച്ച് മാത്തൂർ-പിരായിരി ഗ്രാമപഞ്ചായത്തുകളിലെ 80,000- ത്തിലധികം ആളുകൾക്ക് കുടിവെള്ളം എത്തിക്കാൻ ഉദ്ദേശിക്കുന്ന കുടിവെള്ള ടാങ്ക് നിർമ്മാണത്തിലുള്ളത് എന്നും അറിയിച്ചു. മാത്രവുമല്ല കഴിഞ്ഞ പത്ത് വർഷക്കാലം കൊണ്ട് ക്വാറിയുടെ 150മീറ്റർ ചുറ്റളവിൽ ധാരാളം വീടുകളും, സ്കൂളുകളും, പള്ളിയും, മദ്രസ്സയും അടക്കമുള്ള മതസ്ഥാപനങ്ങളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും നിർമ്മിച്ചിട്ടുണ്ട്. ഈ പ്രദേശത്ത് താമസിക്കുന്ന ഭൂരിഭാഗം ജനങ്ങളും ദലിത്, മുസ്ലിം, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കൂലിപ്പണിക്കാരായ ആളുകളാണ്. അവരുടെ ആജീവനാന്ത സമ്പാദ്യവും കടങ്ങളും വാങ്ങിയുമാണ് പാവപ്പെട്ടവരായ ഈ മനുഷ്യർ വീടുകൾ നിർമ്മിച്ചിട്ടുള്ളത്. കൂടാതെ മാമ്പ്രകുന്ന് എന്ന പേരിലറിയപ്പെടുന്ന ഈ പ്രദേശം അപൂർവ്വയിനം ദേശാടന പക്ഷികളുടെ കേന്ദ്രവുമാണ് എന്നും, പിരായിരി ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയായ ശ്രീ.ബാഹുലേയൻ എന്നവർ പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിന്റെ മറവിൽ ഭരണസമിതിയുടെയോ കുടിവെള്ള ടാങ്കിന്റെ സുരക്ഷ ഉറപ്പാക്കുന്ന വാട്ടർ അതോറിറ്റിയുടെയും മൈനിങ് ആന്റ് ജിയോളജി വകുപ്പിന്റേയും ക്വാറിയുടെ സമീപത്തുള്ള ഹൈടെൻഷൻ ലൈൻ ടവറിന്റെ സുരക്ഷ സംബന്ധിച്ച കെ.എസ്.ഇ.ബിയുടെയോ വിശദമായ റിപ്പോർട്ടുകളില്ലാതെയും, പാരിസ്ഥിതിക ആഘാത പഠനം നടത്താതെയും, 25 ലക്ഷം രൂപ

കൈക്കൂലി (ക്വാറി മാഫിയ വാഗ്ദാനം ചെയ്തത്) 2024-25 കാലയളവിൽ ലൈസൻസ് അനുവദിക്കുകയുണ്ടായി. ലൈസൻസ് അനുവദിച്ചതിനെത്തുടർന്ന് പൊതു ജനങ്ങളുടെയും എല്ലാ രാഷ്ട്രീയപാർട്ടികളുടെയും 21 പഞ്ചായത്തിലെ വാർഡ് മെമ്പർമാരുടെയും പിന്തുണയോടെ ക്വാറി പ്രവർത്തനത്തിനെതിരെ അതിശക്ത മായ ജനകീയ സമരം ഉണ്ടാവുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറി നൽകിയ നിയമവിരുദ്ധ ലൈസൻസ് പഞ്ചായത്ത് ഭരണസമിതി റദ്ദാക്കുകയും ചെയ്തിട്ടുണ്ട് എന്നും അറിയിച്ചു.

ക്വാറി ഉടമയായ ഉണ്ണികൃഷ്ണൻ എന്നയാളുടെയും നടത്തിപ്പുകാരനായ ഹംസ എന്നയാളുടെയും കാര്യസ്ഥനായാണ് അഴിമതിക്കാരനായ പഞ്ചായത്ത് സെക്രട്ടറി ശ്രീ.ബാഹുലേയന് പ്രവർത്തിച്ച് വരുന്നതെന്നും, ക്വാറിക്ക് 2024-25 കാലയളവിൽ ലൈസൻസ് അനുവദിച്ചപ്പോൾ ക്വാറി ഉടമയുടെ നിർദ്ദേശപ്രകാരം വൈബ്രേറ്റിങ് ടെസ്റ്റ് സ്വന്തം ചെലവിൽ ക്വാറി ഉടമ നടത്തി റിപ്പോർട്ട് പഞ്ചായത്തിൽ സമർപ്പിക്കണമെന്ന് തികച്ചും അപഹാസ്യവും നിയമവിരുദ്ധവുമായ ഉപാധി ലൈസൻസിൽ ഉൾപ്പെടുത്തിയിരുന്നുവെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ ക്വാറി ഉടമ അദ്ദേഹത്തിന് സ്വാധീനമുള്ള ഒരു സ്വകാര്യ ഏജൻസിയെ ഉപയോഗിച്ച് വൈബ്രേറ്റിങ് ടെസ്റ്റ് നടത്താനുള്ള അനുമതി ബഹു.കോടതിയിൽ നിന്ന് നേടുകയും ടെസ്റ്റ് നടത്താനുള്ള നീക്കം നടത്തുകയും ചെയ്തിരുന്നുവെന്നും, എന്നാൽ ബഹുജന സമരത്തെ തുടർന്ന് ടെസ്റ്റ് നടത്താൻ കഴിയാതെ വരുകയും ബഹു.പാലക്കാട് എ.ഡി.എം, ബഹു.പാലക്കാട് എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിക്കുകയും യാതൊരു തീരുമാനമാകാതെ പിരിയുകയും ചെയ്തുവെന്നും, എന്നാൽ ടി യോഗത്തിൽ 01.03.2025 തിയ്യതി ടെസ്റ്റ് നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്ന വ്യാജ മിനുട്സ് പഞ്ചായത്ത് സെക്രട്ടറി തയ്യാറാക്കി നടത്താൻ ശ്രമിച്ചെങ്കിലും നാട്ടുകാരുടെ ഇടപെടൽ മൂലം നടത്താൻ കഴിഞ്ഞില്ല തുടർന്ന് ക്വാറി ഉടമ ബഹു.കോടതിയിൽ നിന്നും വീണ്ടും അനുമതി വാങ്ങിയതിന്റെ സംരക്ഷണത്തോടെ നടത്തുകയുണ്ടായി.

എന്നാൽ ഈ ടെസ്റ്റിന്റെ ഭാഗമായി നടത്തിയ ചെറിയ സ്ഫോടനങ്ങൾ ക്വാറിയുടെ സമീപത്തുള്ള ഫാരിജ, മുഹമ്മദതലി, ഷുക്കൂർ എന്നിവരുടെ വീടുകൾക്ക് കേടുപാടുകൾ വരുത്തുകയും, ആയത് അധികാരികൾ നേരിൽ പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തിട്ടും പ്രകമ്പന ടെസ്റ്റ് പാസ്സാക്കി നൽകിയിരിക്കുന്നു എന്നും അറിയിച്ചു. പിരായിരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ മാറ്റി നിർത്തി ടിയാൻ നടത്തുന്ന അഴിമതികളെ കുറിച്ച് സമഗ്ര അന്വേഷണം നടത്തി നിയമ നടപടികൾ സ്വീകരിക്കണമന്നും, കെട്ടിട നിർമ്മാണങ്ങൾ വ്യാപകമായി നടക്കുന്ന

പഞ്ചായത്തായതിനാൽ കൈക്കൂലി ലഭിക്കാനും അഴിമതി ചെയ്യാനുമുള്ള അനുകൂല സാഹചര്യമാണുള്ളതെന്നും പരാതിക്കാർ അറിയിച്ചു.

ആയതുമായി ബന്ധപ്പെട്ട് സൂചന(3) പ്രകാരം പിരായിരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ കരിങ്കൽ ക്വാറി നടത്തുന്നതിനുള്ള ലൈസൻസ് അനുവദിക്കുന്നതിനുള്ള നിയമാനുസൃതമായ എല്ലാ രേഖകളും ഹാരാക്കിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.പി.കെ.ഉണ്ണികൃഷ്ണൻ എന്നവർക്ക് പിരായിരി ഗ്രാമ പഞ്ചായത്തിൽ നിന്നും 01.11.2024ന് (വ്യവസായം/ഫാക്ടറി/വ്യാപാര/സംരംഭകത്വ/മറ്റുസേവനങ്ങൾക്ക്) പ്രകാരം കരിങ്കൽ ക്വാറി ഖനനം നടത്തുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. കൂടാതെ, ഗവൺമെറ്റ് ഓഫ് കേരള ഡിപ്പാർട്ട്മെന്റ് ഓഫ് മൈനിംഗ് ആന്റ് ജിയോളജി ജില്ലാ ഓഫീസറുടെ 18/01/2025-(നം.22/2024-25/GBS/DOPAL-DMG/1000/2023-M പ്രകാരം 45,488MT പാറ പൊട്ടിക്കുന്നതിന് 17/01/2026 വരെ പെർമിറ്റ് അനുവദിച്ചിട്ടുണ്ട് എന്നും, ഗവൺമെന്റ് ഓഫ് കേരള ഡിപ്പാർട്ട്മെന്റ് ഓഫ് മൈനിംഗ് ആന്റ് ജിയോളജി ജില്ലാ ഓഫീസറുടെ (ജിയോളജി) 27/01/2025-ലെ No.PAL/QP/2024/22/MP-1/2025/101842 പ്രകാരം Movement Permit അനുവദിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ, കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൽമണ്ഡപം, പാലക്കാട് ക്വാറി ഉടമയ്ക്ക് നൽകിയ കത്തിൽ ക്വാറിയുടെ സമീപത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്ന 22ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജനസംഭരണിയുടെ ഘടനാപരമായ ഉറപ്പ് വിശദമായ പഠനത്തിലൂടെ ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസിയുടെ കരിങ്കൽ ക്വാറി പ്രവർത്തനം തുടങ്ങുന്നതിനു മുൻപ് ജലസംഭരണിയുടെ ഘടനാപരമായ ഉറപ്പ് പാലിക്കുന്നതിന് വൈബ്രേഷൻ ടെസ്റ്റ് നടത്തണമെന്ന് ഒന്നാമത്തെ ഉപാധിയായി നിർദ്ദേശിച്ചിട്ടുണ്ടായിരുനതെന്നും ആയതനുസരിച്ച് കരിങ്കൽ ക്വാറി പ്രവർത്തനം 28/01/2025-ന് ആരംഭിച്ചു, എന്നാൽ പ്രദേശവാസികൾ കരിങ്കൽ ക്വാറിയുടെ പ്രവർത്തനം തടയുകയും ചെയ്തതിനാൽ ആയതിന്റെ അടിസ്ഥാനത്തിൽ 29.01.2025ന് തന്നെ കാറിയുടെ പ്രവർത്തനം പൂർണ്ണമായും നിർത്തിവെക്കുന്നതിന് ക്വാറിയുടമയ്ക്ക് പഞ്ചായത്ത് പ്രസിഡന്റ് സ്റ്റോപ് മെമ്മോ നൽകിയിട്ടുണ്ട്, പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്ര ക്വാറിയുടെ ലൈസൻസ് റദ്ദ് ചെയ്ത തിരുമാന വിവരം സി2-524/2025 നമ്പർ കത്ത് പ്രകാരം 18.02.2025ന് ക്വാറി ഉടമയെ അറിയിച്ചിട്ടുണ്ട് എന്നും, ബഹു.കേരള ഹൈക്കോടതിയുടെ 04.03.205ലെ WP(C) NO 4996/2025 നമ്പർ കേസിലെ വിധിന്യായ പ്രകാരം 7

ദിവസത്തിനുള്ളിൽ വൈബ്രേഷൻ ടെസ്റ്റ് നടത്താൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 10.03.2025ന് വൈബ്രേഷൻ ടെസ്റ്റ് പൂർത്തീകരിച്ചിട്ടുണ്ട് എന്നും, വൈബ്രേഷൻ ടെസ്റ്റിനെ തുടർന്ന് പൊതുജനങ്ങളുടെ വീടുകൾക്ക് കേടുപാടുകൾ സംഭവിച്ച എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ബഹു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണൽ കോടതി 20/03/2025ലെ APL121/2025 നമ്പർ ഉത്തരവു പ്രകാരം ക്വാറിയുടെ ലൈസൻസ് റദ്ദ് ചെയ്തത് സ്റ്റേചെയ്തതിനെ തുടർന്ന് 04/03/2025-ലെ SC-1-1554/2025 നമ്പർ പ്രകാരം ക്വാറി ഉടമ ശ്രീ.സി.കെ.ഉണ്ണികൃഷ്ണൻ എന്നവർ ലൈസൻസ് പുതുക്കി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണൽ കോടതിയുടെ ഉത്തരവും 30/04/2025ലെ പഞ്ചായത്ത് കമ്മറ്റി ചർച്ച ചെയ്ത്, ആയതുമായി ബന്ധപ്പെട്ട പത്രികയും, ഫയലുകളും ട്രൈബ്യൂണൽ കോടതിയുടെ മുമ്പാകെ സമർപ്പിക്കുന്നതിന് നിലവിലെ സ്റ്റാന്റിംഗ് കൌൺസിലിനെ (അഡ്വ.സൂരജ്നായർ) ചുമതലപ്പെടുത്തിയത് അംഗീകരിക്കുകയും, ക്വാറിയിൽ നടത്തിയ വൈബ്രേഷണൽ ടെസ്റ്റിന്റെ റിസൽട്ട് റിപ്പോർട്ട്, ക്വാറിക്ക് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരിക്കുന്നതിനായി മൈനിംഗ് ആൻറ് ജിയോളജി വകുപ്പ്, വാട്ടർ അതോറിറ്റി, പാലക്കാട് ജില്ലാ ദുരന്തനിവാരണം/കലക്ടറേറ്റ്, അയച്ച നൽകിയിട്ടുള്ളതിന് പ്രസ്തുത വകുപ്പുകളിൽ നിന്നും നാളിതുവരെ മറുപടികളൊന്നും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടി വകുപ്പുകളിൽ നിന്നും മറുപടി ലഭിച്ചതിനുശേഷം ആയതിന്റെ അടിസ്ഥാനത്തിൽ അടുത്ത് ചേരുന്ന ഭരണ സമിതി യോഗത്തിൽ ക്വാറിയുടെ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട യുക്തമായ തിരുമാനമെടുക്കുന്നതിനും 30.04.2025ന് തീരുമാനിച്ചതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടി വിഷയം ബഹു. കോടതിയുടെയും, ബഹു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലിന്റേയും പരിഗണനയിലായതിനാലും, സാങ്കേതികമായി മേൽ നിർദ്ദേശങ്ങൾ ആവശ്യമുള്ളതിനാലും ജില്ലാതല അദാലത്ത് സമിതിയുടെ പരിശോധനയ്ക്കും, തീരുമാനത്തിനും സമർപ്പിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

Signed by Satheeshkumar K
Date: 29-05-2025 17:21:57

SATHEESHKUMAR K
INTERNAL VIGILANCE OFFICER
തദ്ദേശ സ്വയംഭരണ വകുപ്പ്

പാലക്കാട്